# നവ്യം



ലിറ്റിൽ കൈറ്റ്സ്

G.H.S.S സൗത്ത് തൃക്കരിപ്പൂർ

# നവ്യം ...

ലിറ്റിൽ കൈറ്റ്സ്  GHSS സൗത്ത് തൃക്കരിപ്പൂർ യൂണിറ്റിന്റെ ഒരു എളിയ ശ്രമം..."നവ്യം" ഡിജിറ്റൽ മാഗസിൻ !

കേരളം അഭിമുഖീകരിച്ച വലിയൊരു പ്രകൃതി ദുരന്തം ...പ്രളയം... കണ്ടും കേട്ടും മാത്രം ശീലിച്ച മലയാളി കൊണ്ടറിഞ്ഞു. പക്ഷെ, പിന്നീട് ലോകം കണ്ടത് പകരം വെക്കാൻ പറ്റാത്ത അതിജീവനത്തിന്റെ , രക്ഷാ ദൗത്യത്തിന്റെ ഉത്തമോദാഹരണങ്ങളായിരുന്നു ...ജാതി-മത-വർണ്ണ വ്യത്യാസമില്ലാതെ ഒരു മനസ്സായി കേരളം നിലകൊണ്ടു.മത്സ്യത്തൊഴിലാളികളായും പട്ടാളക്കാരായും പോലീസുകാരായും യുവതയായും രക്ഷകർ അവതരിച്ചു.ഒരു നവകേരളം കെട്ടിപ്പടുക്കാൻ ലോകം കൈകോർത്തു .

പ്രളയനാന്തര കേരളത്തിന്റെ വ്യാകുലതകളും പ്രതീക്ഷകളും എല്ലാം പങ്കുവെക്കുകയാണ് നമ്മുടെ കൊച്ചു കൂട്ടുകാർ , അവരുടെ തനിമയാർന്ന രചനകളിലൂടെ...സ്വീകരിച്ചാലും !

*മാഗസിൻ കമ്മിറ്റി*

**സ്നേഹലത.കെ ,പ്രിൻസിപ്പാൾ**

**ലീന.പി ,ഹെഡ്മിസ്ട്രസ്**

**രഘുനാഥൻ.കെ ,PTA പ്രസിഡണ്ട്**

**ദിവാകരൻ.എം ,സ്റ്റാഫ് സെക്രട്ടറി**

**സിറാജുദീൻ.പി.കെ ,KITE മാസ്റ്റർ**

**ദീപ.എം.വി ,KITE മിസ്ട്രസ്**

**രമേശൻ.എം ,SRG കൺവീനർ**

**അനിത.പി.എം ,HST ഇംഗ്ലീഷ്**

**ദീപ.കെ ,HST ഇംഗ്ലീഷ്**

**ജയേഷ്.കെ ,UPSA**

**ശ്രീദേവി,HST സംസ്കൃതം**

***ഒപ്പം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ***

*പത്രാധിപ സമിതി*

**സിറാജുദീൻ.പി.കെ**

**ദീപ.എം.വി**

**ലാവണ്യ.പി.വി**

**അഭിജിത്.കെ**

**ശ്രീരാജ് കൃഷ്ണൻ**

**കാർത്തിക.എം.കെ**

**നീരജ.കെ.പി**

**ഫാത്തിമ.എം.കെ**

**ശിവന്ത്.കെ**

*മുഖചിത്രം ;* **വൈഷ്ണവ് രാജീവ് , 9 സി**

# ലിറ്റിൽ കൈറ്റ്സ് : കൊച്ചു കമ്പ്യൂട്ടർ വിദഗ്ധർ

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ പൊതു വിദ്യാലയങ്ങൾ മികവിന്റെ പാതയിലാണ്.ക്ലാസ് മുറികൾ ലോകോത്തര നിലവാരത്തിലുള്ള ഹൈടെക് ക്ലാസ് മുറികളായി മാറിക്കൊണ്ടിരിക്കുന്നു.ഇതിന്റെ ആദ്യ ഘട്ടത്തിൽ എട്ടു മുതൽ പ്ലസ് ടു വരെയുള്ള മുഴുവൻ ക്ലാസ് മുറികളും ഹൈടെക്കായി മാറിക്കഴിഞ്ഞു.ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുന്നതോടൊപ്പം അക്കാദമിക് നിലവാരവും മെച്ചപ്പെടേണ്ടതായിട്ടുണ്ട്.ഈ കാഴ്ചപ്പാടോടു കൂടി വിദ്യാർത്ഥികളെ കമ്പ്യൂട്ടർ സാങ്കേതിക വിദ്യയിൽ നിപുണരാക്കാൻ വേണ്ടി വിദ്യാഭ്യാസ വകുപ്പ് കൈറ്റിന്റെ സഹകരണത്തോടെ നടപ്പിൽ വരുത്തിയ വിദ്യാർത്ഥി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ് .

എട്ടാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും പ്രത്യേക അഭിരുചി പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന നിശ്ചിത എണ്ണം വിദ്യാർത്ഥികൾക്കാണ് ലിറ്റിൽ കൈറ്റ്സ് അംഗത്വം ലഭിക്കുക.ഇതിന്റെ ആദ്യ ബാച്ച് തെരഞ്ഞെടുപ്പ് 2018 ജനുവരിയിൽ നടന്നു.തുടർന്ന് ഒമ്പതാം ക്ലാസ്സിൽ അനിമേഷൻ,ഗെയിം നിർമാണം,മൊബൈൽ ആപ് ,റോബോട്ടിക്സ് ,മലയാളം കമ്പ്യൂട്ടിങ്,ഹാർഡ്‌വെയർ തുടങ്ങിയ മേഖലകളിൽ ഈ വിദ്യാർത്ഥികൾക്ക് പരിശീലനം ലഭിച്ചു കൊണ്ടിരിക്കുകയാണ്.

ഈ പദ്ധതി പ്രകാരം GHSS സൗത്ത് തൃക്കരിപ്പൂരിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് (Unit No. LK/12036/2018) പ്രവർത്തനമാരംഭിച്ചു. അഭിരുചി പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ട 20 വിദ്യാർത്ഥികളാണ് യൂണിറ്റിലുള്ളത്.സ്കൂൾ തലത്തിൽ മികച്ച പ്രകടനം കാഴ്ച വെച്ച 6 വിദ്യാർത്ഥികൾ സബ്ജില്ലാ ക്യാമ്പിൽ പങ്കെടുക്കുകയുണ്ടായി. 2 വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ക്യാമറ & എഡിറ്റിംഗ് പരിശീലനവും ലഭിച്ചു. പി.കെ.സിറാജുദ്ദീൻ കൈറ്റ് മാസ്റ്ററായും ദീപ.എം.വി കൈറ്റ് മിസ്ട്രെസ്സായും യൂണിറ്റിന് നേതൃത്വം നൽകുന്നു.

# ഉള്ളടക്കം


| | | |
|---|---|---|
| * | കേരളം മാറുന്ന.....( ലേഖനം) | : മീനാക്ഷി പി ബി |
| * | ഹൃദയമില്ലാതെ ( കവിത ) | : ഗൗരി നന്ദന |
| * | അപ്രതീക്ഷിതമായൊരു രാത്രി (കഥ) | : മീനാക്ഷി പി ബി |
| * | പ്രളയം ബാക്കിവെച്ചത് ( കഥ ) | : അഭിജിത്ത് കെ |
| * | കേരളത്തെ പിടിച്ചുലച്ച് പ്രളയം (ലേഖനം) | : മാളവിക കെ വി |
| * | തീകെട്ടുതിയിൽ അലയുന്ന ജനങ്ങൾ (ലേഖനം) | : ആദിത്യ എം |
| * | പുതുകേരളം (കുറിപ്പ് ) | : സ്നേഹ സന്തോഷ് |
| * | പ്രളയം (ലേഖനം ) | : സാന്ദ്ര ടി |
| * | സ്നേഹം (കഥ ) | : നയന രാജേഷ് |
| * | പ്രളയാനന്തര കേരളം ( ലേഖനം ) | : ഗോപിക പി വി |
| * | ഒരു അർധരാത്രി (കവിത ) | : സ്നേഹ എം |
| * | *പ്രളയം വരകളിലൂടെ* | : ജയന്ത് എ |
| | | : മാളവിക |
| | | : ശിവാനി പി കെ |
| | | : പൃഥ്വിരാജ് എ |
| | | : സുശാന്ത് ഇ |
| | | : യതുൽരാജ് |
| | | : അഭിനവ് എം കെ |
| | | : വിഷ്ണുദേവ് എ കെ |
| | | : നന്ദന പികെ |
| | | : സ്വാതി സുമൻ എൻ വി |

# കേരളം മാറുന്നു....നവകേരളത്തിലേക്ക്
# ഈ പ്രളയം ഒരു പാഠമാകട്ടെ...

മീനാക്ഷി. പി.ബി[10-B]

കേരളം കണ്ടതിൽവച്ച് ഏറ്റവും വലിയ ദുരന്തമാണ് അനുഭവിക്കുന്നത്. പ്രളയത്തിൽ ദശലക്ഷക്കണക്കിന് ആളുകൾ മരണപ്പെടുകയും ലക്ഷക്കണക്കിന് വളർത്തുമൃഗങ്ങൾ ഇല്ലാതാവുകയും പതിനായിരത്തോളം വീടുകൾ പൂർണമായും വെള്ളത്തിനടിയിലാകുകയും ചെയ്തു. ഇനി ഒരു നവകേരളം സൃഷ്ടിക്കാൻ എത്രയോ വർഷങ്ങൾ വേണ്ടിവരും എന്നതിൽ എന്താണ് സംശയം?

ഒരു പ്രളയം കൊണ്ട് ദുരന്തങ്ങൾ അവസാനിക്കുന്നില്ല. ദുരന്തങ്ങളുടെ പരിണത ഫലങ്ങൾ ഇപ്പോഴും മനുഷ്യർ അനുഭവിച്ചുകൊണ്ടിരിക്കുന്നു. അതിനൊരുദാഹരണമാണ് നമുക്കെല്ലാവർക്കും അറിയുന്ന ഹിരോഷിമ നാഗസാക്കി ദിനം. ആ ദിനം നാം ആചരിക്കാറുമുണ്ട്. രണ്ടാം ലോകയുദ്ധത്തെത്തുടർന്ന് ജപ്പാനിൽ 1945 ആഗസ്റ്റ് 6 നും ആഗസ്റ്റ് 9 നും അമേരിക്ക വർഷിച്ച ഫാറ്റ്മാൻ, ലിറ്റിൽബോയ് എന്ന അണുബോംബിന്റെ പരിണതഫലങ്ങൾ ജപ്പാനിലെ മനുഷ്യർ ഇന്നും അനുഭവിക്കുന്നു. കേരളത്തിന്റെ അവസ്ഥയാകട്ടെ ഡെങ്കിപ്പനിയും എലിപ്പനിയും കൊണ്ട് വലയുകയാണ്. അതിലെത്രയോ പേർ ശാശ്വതലോകം കൈവരിച്ചുകഴിഞ്ഞു.പ്രളയം മൂലം ശൗചാലയങ്ങളിലെ മാലിന്യങ്ങളും ,ശവക്കല്ലറകളിലുള്ള ശവങ്ങളും മറ്റ് മാലിന്യങ്ങളും വെള്ളപ്പൊക്കത്തിൽ കലരുകയും പിന്നീട് അത് കെട്ടിക്കിടന്ന് വൃത്തിഹീനമായ ചുറ്റുപാട് രൂപം കൊള്ളുകയും ചെയ്തു. അതുമുഖേന രോഗങ്ങൾ പിടിപെട്ടതും മരണംവരെ സംഭവിച്ചതും നാം അറിഞ്ഞു. കൂടാതെ ഉരുൾപൊട്ടലും ഭൂകമ്പങ്ങളും കൊണ്ട് കേരളത്തിലെ 13 ജില്ലകൾ വരെ ഭയന്നുവിറച്ചു. ഈ സമയത്ത് വാർത്ത കാണാത്തവരും പത്രം വായിക്കാത്തവരും വരെ ഇതിൽത്തന്നെ മുഴുകിയിരുന്നു.

വളരെ വേഗത്തിൽ ഒരു നവകേരള സൃഷ്ടി അസാധ്യമാണെങ്കിലും നിരന്തരമായ പ്രവർത്തനത്തിലൂടെ അതിനു നമുക്കു സാധിക്കും. കാരണം ഇത് കേരളമാണ്, കേരത്തിൽ പ്രളയമെന്ന ദുരന്തം കാലെടുത്തുവച്ചപ്പോൾ,അതിൽപ്പെട്ട ജനങ്ങളെയും ജന്തുക്കളെയും രക്ഷിക്കാൻ പോലീസും പട്ടാളവും ജനങ്ങളും മത്സ്യത്തൊഴിലാളികളും ഒറ്റക്കെട്ടായി പ്രവർത്തിച്ചു.

കേരളത്തിനുവേണ്ടി സംഭാവന നൽകിയത് കോടിക്കണക്കിന് രൂപയാണ്. കുട്ടികൾ പോലും അവർക്ക് അത്രമേൽ അത്യാവശ്യമായ കാര്യങ്ങൾക്കായി നീക്കിവച്ച പണം നൽകി സ്വന്തംനാടിനെ രക്ഷിക്കാനുള്ള പുണ്യപ്രവർത്തി ചെയ്തു. ഇതുപോലെ ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ ഒരു നവകേരളം നമുക്ക് സൃഷ്ടിക്കാമെന്നതിൽ യാതൊരു സംശയവും വേണ്ട. തകർന്ന റോഡുകളും

പാലങ്ങളും പുതുക്കിപണിയാം. കേരളത്തെ വീണ്ടും മനോഹരമായ ശാശ്വതസുന്ദരകേരളമാക്കിമാറ്റാം.

നവകേരളത്തെക്കുറിച്ച് ഓരോരുത്തർക്കും ഓരോ അഭിപ്രായമായിരിക്കും. കേരളം ഒരിക്കലും പഴയകേരളമാകരുത്. ഈ പ്രളയം കേരളത്തിനെന്നപോലെ മറ്റു സംസ്ഥാനങ്ങൾക്കും ബാധകമാണ്. നമ്മുടെ ഉയർച്ചയ്ക്കുവേണ്ടി നാം പ്രകൃതിയെ നശിപ്പിക്കുമ്പോഴും അവ നമ്മോട് പ്രതികരിക്കുമെന്ന് ഓർക്കണം.ഈ പ്രളയത്തിലൂടെ നാം പുഴയിലും മറ്റും വലിച്ചെറിഞ്ഞ മാലിന്യങ്ങൾ തിരിച്ച് നമ്മുടെ വീട്ടുകളിൽത്തന്നെ എത്തിയിരിക്കുന്നു. ഇതുപോലെ പ്രകൃതിയിലെ ഓരോ സസ്യജന്തുജീവജാലങ്ങളും പ്രകൃതിക്ഷോഭം എന്ന മാവേലിസുഹൃത്തിനെ കൂട്ടുപിടിച്ച് മനുഷ്യനോട് പ്രതിഷേധിക്കും. നാം ഉയർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുമ്പോഴും, ഭൂമിയുടെ ഹരിതാഭ നിലനിർത്തുവാനും അവയെ നശിപ്പിക്കുന്നവരെ ചോദ്യം ചെയ്യാനും മുതിരുക എന്നതാണ് നവകേരളം ആദ്യ ലക്ഷ്യമായി തിരഞ്ഞെടുക്കേണ്ടത്. കോടതികൾ പല വിധികൾ പ്രഖ്യാപിക്കുമ്പോഴും പ്രകൃതിയുടെ സംരക്ഷണവിധി എന്തുകൊണ്ട് നടപ്പിലാക്കുന്നില്ല എന്നത് പ്രസക്തമാണ്.

കേരളം ഹരിതാഭമായ നവകേരളമായാണ് മാറേണ്ടതെന്ന അഭിപ്രായമാണ് എനിക്കുള്ളത്. പ്രകൃതിയെ ചൂഷണം ചെയ്യുന്നവർക്കെതിരെ കർശനമായ നടപടി എടുക്കണം.   പണ്ട് ഒരു കാക്ക ദാഹിച്ചുവലഞ്ഞപ്പോൾ ചെയ്ത കഥ നമുക്കെല്ലാമറിയാം. കല്ലിട്ടപ്പോൾ കുടത്തിൽനിന്ന് വെള്ളം പൊങ്ങിവന്നു. അത് അതിന്റെ ദാഹം ശമിപ്പിക്കാൻ മാത്രമായിരുന്നു അങ്ങനെ ചെയ്തത് .എന്നാൽ ഇന്ന് മനുഷ്യന് ഫ്ളാറ്റ് കെട്ടാൻ കല്ലിട്ടു, വെള്ളമോ പാഞ്ഞുകയറുകയും ചെയ്തു.  എങ്കിലും പ്രകൃതി ഒരവസരം കൂടി നമുക്കുനൽകുന്നു,കേരളത്തെ വീണ്ടും കരകയറ്റാൻ. ഒത്തുപിടിച്ചാൽ മലയും പോരും എന്നതിന് ഉദാഹരണമാണീ പ്രളയം.

നവകേരളസൃഷ്ടിക്കായ് നമുക്കൊരുമിച്ച് കൈകോർക്കാം, ശാശ്വതസുന്ദരകേരളം പടുത്തുയർത്താം.

# ഹൃദയമില്ലാതെ

ഗൗരി നന്ദന, 10 സി

കാർമേഘങ്ങൾ
പെയ്തൊഴിയുന്നു...
കാലപ്രവാഹിനിയായ
പുഴ കനത്തൊഴുകുന്നു.
വഴി തെററി ഒഴുകുന്ന
പുഴയുടെ ഹൃദയത്തിൽ
ആരോ പകർന്നൊരു നീററലുണ്ട്.
മണൽ മാഫിയകളുടെ
കയ്യാൽ ഇരുളും
പുഴയുടെ ഹൃദയം
മഹാ സാഗരമാം ജലപ്രവാത്തിങ്കൽ
പേടിക്കാത്തവരാരുണ്ട്?
ജീവനും ഭൗതിക സ്വത്തുക്കളും
പ്രളയജലത്തിൽ നഷ്ടപ്പെട്ടു.
പ്രളയ സമ്മാനം ദുരിതമായിരുന്നു
മഴ പെയ്ത് മണ്ണിലെത്തുന്ന
ഒരു തുള്ളി ജലം പോലും
ഉപകാര പ്രദമാവാതെ
നീററലോടെ ഒഴുകുകയാണ്.
തുഞ്ചൻെറ കിളിമൊഴിയിൽ
അലിയുന്ന ദൈവത്തിൻെറ
സ്വന്തം നാട്
പ്രളയ ജലത്തിൽ
വിങ്ങുകയാണ് .

# അപ്രതീക്ഷിതമായൊരു രാത്രി

മീനാക്ഷി.പി.ബി [10-B]

ഒരു മഴക്കാലമായിരുന്നു അന്ന്....കുളിരുകോരുന്ന തണുപ്പുള്ള അർധരാത്രി...

എവിടെ നിന്നോ വെള്ളപ്പാച്ചിലിന്റെ ശബ്ദം. എന്നാൽ തണുത്ത് വിറച്ചുള്ള ആ സമയത്ത് പുതച്ചുമൂടികിടക്കാൻ എന്തൊരു സുഖമാണ്.ഇടുക്കിജില്ലയിലെ മുഴുവൻ ജനങ്ങളും ഗാഢനിദ്രയിൽ മുഴുകിയിരുന്നു. അതിനാൽആരും ആ ശബ്ദംകേട്ടില്ല. പെട്ടെന്ന് വീടുകളുടെ ജനാലകൾ വിറച്ചു.

വീട്ടിലെ തറയിൽ കിടന്നുറങ്ങിയിരുന്ന കോരന്റെ വീട്ടിലേക്ക് വെള്ളം പാഞ്ഞുകയറി. പെട്ടെന്ന് കുളിർമ തോന്നിയ കോരൻ ഞെട്ടിയുണർന്നു. നോക്കിയപ്പോൾകണ്ടത് വീട്ടുമുറ്റം മുഴുവൻ വെള്ളത്തിൽ മുങ്ങിയതാണ്. അയാൾ ഭാര്യയേയും തന്റെ മക്കളെയും മാറോട്ചേർത്തുപിടിച്ച് മൊബൈലിൽ മറ്റു വീടുകളിലേക്ക് വിളിച്ചു വിവരം അറിയിച്ചു. ഇത് കേട്ട് ഞെട്ടിയവർ പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ചു. എന്താണിതിനു കാരണമെന്നറിയാൻ കോരൻ ആദ്യമേ നോക്കിയത് ഇടുക്കി ഡാമിലേക്കാണ്. ഡാമുകൾ തുറന്നുവരുന്ന ജലത്തിന്റെ ശക്തി കണ്ട് കോരൻ ഞെട്ടി. വീട് മുങ്ങിക്കൊണ്ടിരിക്കുകയാണെന്ന് കോരന് മനസ്സിലായി. പെട്ടെന്ന് വീടിന്റെ മുകളിൽ നിന്നൊരു ശബ്ദം. വീടിന്റെ മുകളിലെഭിത്തി അടർന്നുവീണു. കോരൻ അതിനിടയിൽ പെട്ട് പിടയുകയും അൽപ്പനേരം കൊണ്ട് മരിക്കുകയും ചെയ്തു. ഇതുകണ്ട് ഓടിവന്ന ഭാര്യ ജാനുവിന്റെ കയ്യിൽ രണ്ട് പിഞ്ചുകുഞ്ഞുങ്ങളും ഉണ്ടായിരുന്നു. അവർ കാൽവഴുതി വെള്ളത്തിലേക്ക് വീണു. കുട്ടികൾ പൊങ്ങിയും താണും ശ്വാസം കിട്ടാതെ വലഞ്ഞു...ഒടുവിൽ അവിടം ശാന്തമായി.

മറ്റു വീടുകളിൽ നിന്നും ആർത്തനാദങ്ങളുയർന്നു. പോലീസും മത്സ്യത്തൊഴിലാളികളും ചേർന്ന് രക്ഷാപ്രവർത്തനമാരംഭിച്ചു. ഒടുവിൽ പട്ടാളവുമെത്തി. രക്ഷിച്ചവരെ സ്കൂളുകളിൽ ദുരിതാശ്വാസക്യാമ്പിലേക്ക് മാറ്റി.

പക്ഷേ, കോരനെപ്പോലെ എത്ര പേർ??!!

# പ്രളയം ബാക്കി വെച്ചത് ...

അഭിജിത്ത് .കെ,9 സി

അന്നൊരു ഞായറാഴ്ചയായിരുന്നു....

"നമ്മുടെ പ്രപഞ്ചം" എന്ന പാഠഭാഗത്തെ ആസ്പദമാക്കി ടീച്ചർ തന്ന ഹോംവർക്കുകൾ ചെയ്തു തീർത്ത ശേഷം പ്രത്യേകതകളൊന്നും അവകാശപ്പെടാനില്ലാത്ത ഭൂമിയെക്കുറിച്ച് ഓർക്കുകയായിരുന്നു വിവേക് ! വലുപ്പക്കൂടുതലോ വലുപ്പക്കുറവോ ഇല്ലാത്ത തിളങ്ങുന്നതോ ഇരുണ്ടതോ അല്ലാത്ത സാധാ രണക്കാരനായ ഭൂമി ! എന്നാൽ അതിൽ ജീവിക്കുന്ന മനുഷ്യനോ? എന്തെല്ലാം വിവേചനങ്ങൾ...വൈരുധ്യങ്ങൾ ...വൈവിധ്യങ്ങൾ !

"നാശം പിടിച്ച മഴ ! അഞ്ചു ദിവസമായി...പെയ്തോടു പെയ്ത തന്നെ ! ഇന്നും തോരുന്ന മട്ടില്ല. ചോറെടുത്തു വെച്ചിട്ടുണ്ട്, വന്നു കഴിച്ചിട്ട് ഉറങ്ങാൻ നോക്ക് " മഴയെ മനസ്സാ പ്രാകിക്കൊണ്ട് അമ്മ പറഞ്ഞു.നിത്യവും മീനുമായി വരാറുള്ള രാഘവേട്ടൻ അഞ്ചു ദിവസമായി ഇതു വഴി വന്നിട്ട്.താളും വെള്ളരിക്കയും കൂട്ടിവെച്ച പുളിങ്കറിയും ചോറും കഴിച്ച് മീൻ കറിയില്ലാത്ത നീരസമുള്ളിലൊതുക്കി ഉറങ്ങാൻ കിടന്നു.

പുലർച്ചെ മൂന്നു മണിക്ക് അച്ഛൻ വിളിച്ചുണർത്തിയപ്പോൾ പിറുപിറുത്തു കൊണ്ട് എഴുന്നേറ്റ് കണ്ണ് തിരുമ്മി ചുറ്റും നോക്കി...കണ്ട കാഴ്ച ഭീതിജനകമായിരുന്നു...കറണ്ടും ഇല്ലായിരുന്നു..അല്പം കൂടി കയറിയാൽ കട്ടിൽ മുങ്ങുന്ന അവസ്ഥയിൽ വെള്ളം കയറിയിരിക്കുന്നു !!!

അടുക്കളയിലെ പാത്രങ്ങളൊക്കെ ചാക്കിലാക്കി തട്ടിന്പുറത് വെക്കുന്ന തിരക്കിലായിരുന്നു അമ്മയും ചേട്ടനും.മിന്നാമിനുങ്ങുകളെപ്പോലെ അങ്ങിങ്ങായി ടോർച്ചുകൾ മിന്നി മറയുന്നു.വെപ്രാളത്തോടെയുള്ള സംസാരങ്ങളും കൂവലുകളും ...പരിഭ്രാന്തിയുടെയും ആശങ്കകളുടെയും അശാന്ത നിമിഷങ്ങൾ !!!

ആറു മണിയോടടുത്തു കാണും , തെക്കേതിലെ പ്രദീപേട്ടനും

കുറച്ചുപേരും ചേർന്ന് വള്ളമിറക്കി.അയൽപക്കക്കാരെയും ഞങ്ങളെയും കയറ്റി ദുരിതാശ്വാസ ക്യാമ്പായ ഞങ്ങളുടെ തന്നെ സ്കൂളിൽ ചെന്നാക്കി. ഒരെട്ട് മണിയോടെ അഭയാർത്ഥികളെക്കൊണ്ട് സ്കൂൾ നിറഞ്ഞു.ആംബുലൻസിന്റെയും ഫയർ എഞ്ചിന്റെയും സൈറൺ വിളികളാൽ മുഖരിതമായി അന്തരീക്ഷം.പോലീസും നാട്ടിലെ പൗര പ്രമുഖരും രക്ഷാപ്രവർത്തനത്തിൽ സജീവം......

കുറച്ച് ചെറുപ്പക്കാരും സ്ത്രീകളും ചേർന്ന് എല്ലാവർക്കും പ്രാതലുണ്ടാക്കാനുള്ള ശ്രമത്തിലാണ്.എല്ലാവർക്കും ഉപ്പുമാവും കട്ടൻ ചായയും ! പത്രോസ് മുതലാളി പതിവുള്ള ക്ലോസ് അപ് പുഞ്ചിരിയോടെ നിലത്തു ചമ്രം പടിഞ്ഞിരുന്നു.രാഘവനും മുസ്തഫയും ജോസഫും എല്ലാം ഒരേ പന്തിയിൽ ...സാഹചര്യത്തിന്റെ അനിവാര്യത ! അല്ലെങ്കിലും പന്തിയിലെന്ത് പക്ഷഭേദം?

ക്യാമ്പ് ജീവിതം പത്തുദിവസം പിന്നിട്ടു.സ്കൂളിലെ ക്ലാസ്സ്മുറികൾ ഒരുമയുടെയും സഹവർത്തിത്തത്തിന്റെയും പാഠം പഠിപ്പിച്ചു...പ്രകൃതി മെനഞ്ഞ നല്ല പാഠം ! ആ പാഠം ഹൃദ്വിസ്ഥമാക്കി എല്ലാവരും തിരിച്ച് പോക്കിന് കോപ്പ് കൂട്ടി .

പ്രളയമൊഴിഞ്ഞ പാടത്ത് വീണ്ടും നൂറു മേനി വിളഞ്ഞു.സ്കൂൾ മുറ്റത്തെ മാവിലും മാമ്പൂ നിറഞ്ഞു.മുഴുവൻ കായ്ക്കുമോ? വിവേക് ചിന്തിച്ചു."മാമ്പൂ കണ്ട് കൊതിക്കരുത് ", അവൻ അച്ഛന്റെവാക്കുകളോർത്തു. എന്നാലും പ്രതീക്ഷിക്കാലോ...

പ്രളയം ബാക്കി വെച്ചതും പ്രതീക്ഷകളായിരുന്നു...!

# കേരളത്തെ പിടിച്ചുലച്ച പ്രളയം

മാളവിക.കെ.വി ,10 B

ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വെള്ളപ്പൊക്കം നമുക്ക നൽകിയ പാഠങ്ങൾ എന്തൊക്കെയാണ് ? തങ്ങളുടെ സ്നേഹവും,കരുണയും ,കരുത്തും തെളിയിക്കുകയായിരുന്നില്ലേ ആ കടലിന്റെ മക്കൾ? നിഷ്കളങ്ക സ്നേഹത്തിന്റെ, നിർമല ഹൃദയങ്ങളുടെ സുന്ദര ദൃശ്യങ്ങളായിരുന്നു ആ പ്രളയത്തിലൂടെ നാം കണ്ടറിഞ്ഞത്.സാമൂഹ്യ മാധ്യമങ്ങൾ അവയുടെ ദൗത്യം പൂർണമായും പ്രയോജനപ്പെടുത്തിയ നാളുകൾ...മൊബൈൽ ഫോണിൽ മുഴുകിയിരുന്ന യുവ സമൂഹം ഉണർന്നു പ്രവർത്തിച്ചു.ജാതിയുടെയും മതത്തിന്റെയും അതിര് വരമ്പുകൾ ലംഘിച്ച് പ്രളയം നമ്മെ "അന്യർക്ക് പ്രവേശനമില്ല" എന്ന ബോർഡുകൾ പറിച്ചെറിയാൻ പ്രേരിപ്പിച്ചു.മനുഷ്യത്വമെന്ന മഹാസത്ത മറനീക്കി പുറത്തു വന്നു.

നാനാത്വത്തിൽ ഏകത്വമെന്നോണ വാഴുന്ന കേരളീയർ ആ മഹാപ്രളയത്തിലും ജാതി മത ഭേദമന്യേ സമൂഹത്തിനു വേദി ഒറ്റക്കെട്ടായി പ്രവർത്തിച്ചു.തെക്കൻ ജില്ലകളെ പ്രളയം വേട്ടയാടിയപ്പോൾ അയൽ ജില്ലകളിലും കണ്ണീർ മഴ പെയ്തു.ആ കണ്ണീർ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമായിരുന്നു.ഈ പ്രളയത്തിൽ അനേകം പേർ ജീവൻ വെടിഞ്ഞു,അറിവു പകരുന്ന വിദ്യാലയങ്ങൾ നിലം പൊത്തി .ആവാസ കേന്ദ്രങ്ങളും ഗതാഗത സൗകര്യങ്ങളും മണ്ണറഞ്ഞു പോയി.കഴിഞ്ഞില്ല,ഇനിയുമുണ്ട് ഒരുപാട് നഷ്ടങ്ങളും ആവലാതികളും.ഒരു നേരത്തെ ആഹാരത്തിനായി മനുഷ്യർ പരക്കം പാഞ്ഞു.രാവും പകലും കണ്ണടയ്ക്കാതെ രക്ഷയ്ക്കായി അവർ കാത്തിരുന്നു."എല്ലാം വളരെ പെട്ടെന്നായിരുന്നു"....

ജനങ്ങൾക്ക് ഏക ആശ്രയം ദുരിതാശ്വാസ കേന്ദ്രങ്ങളായിരുന്നു.യാതനകളും വേദനകളും കടിച്ചമർത്തി നാലു ചുവരുകൾക്കുള്ളിൽ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ ഭേദമില്ലാതെ ഊഷ്മളമായ സ്നേഹ ബന്ധത്തിലൂടെ അവർ ജീവിതത്തെ പിടിച്ചുയർത്തി.അയാൾ ജില്ലകളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും സ്നേഹവും പ്രാർത്ഥനയും സമ്പാദ്യങ്ങളും ഒഴുകിയെത്തിയപ്പോൾ അത് പ്രളയത്തിനു ശേഷമുള്ള കുളിർമഴയായി അവരുടെ മനസ്സുകളിലേക്ക് പെയ്തിറങ്ങി.

ഇനിയൊരു ദുരന്തം കൂടി വിധിക്കല്ലേ എന്ന പ്രാർത്ഥന മാത്രം...

# തീക്കെടുതിയിൽ അലയുന്ന ജനങ്ങൾ

ആദിത്യ.എം 8 ബി

പ്രളയം വന്നപ്പോഴുള്ള നമ്മുടെ നാടിൻെറ തകർച്ചയും പ്രളയം കഴിഞ്ഞപ്പോഴുള്ള മനോഹരമായ ഉയർച്ചയും...പ്രളയത്തിൽ തകരുന്ന കണ്ണീർ കാഴ്ചകളാണ് കഴിഞ്ഞ മാസങ്ങളിൽ കേരളം കണ്ടത്. സ്വപ്ന വീടുകൾ പണിതുയർത്തുമ്പോൾ അപ്രതീക്ഷിതമായുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെ നേരിടാൻ പര്യാപ്തമാണെന്ന് ഇനിയെങ്കിലും ഓരോ മലയാളിയും ഉറപ്പുവരുത്തണം. പ്രളയ ജലത്തിൻെറ കുത്തൊഴുക്കിൽ പല വീടുകളുടെയും അടിത്തറ തന്നെ ഒലിച്ചുപോയ കാഴ്ചകൾ കാണാമായിരുന്നു. വെള്ളത്തെ പ്രതിരോധിക്കാനുള്ള ശക്തി പുഴയോരങ്ങളിലേയും താഴ്ന്ന പ്രദേശങ്ങളിലേയും വീടുകൾക്കും കെട്ടിടങ്ങൾക്കും മാത്രമല്ല വേണ്ടതെന്ന് ഈ പ്രളയം നമ്മെ പഠിപ്പിക്കുന്നുണ്ട്.ഇനി കേരളത്തിൽ നിർമിക്കുന്ന ഓരോ വീടും ഫ്ലഡ് ലെവൽ പ്ലാൻ ചെയ്തുവയാകണം.ഭൂനിരപ്പിൽ നിന്ന് ഉയർത്തി വീടുകൾ നിർമ്മിക്കുക എന്നതാണ് ഇവിടെ ഒരു പ്രതിവിധി

മൂന്നാറും, വയനാടും പോലെയുള്ള മേഖലകളിൽ മണ്ണിടിച്ചിലും,ഉരുൾപൊട്ടലും കാരണം നിരവധി വീടുകൾ തകർന്നു.സ്വാഭാവിക ഭൂപ്രകൃതിക്ക് ഉണ്ടാകുന്ന മാററങ്ങളാണ് പിന്നീട് മണ്ണൊലിപ്പിനും മറ്റും കാരണമാകുന്നത്. പരിസ്ഥിതി ലോലപ്രദേശങ്ങളിൽ ഇത്ര അധികം നാശനഷ്ടം ഉണ്ടായത് ഈ മാനദണ്ഡങ്ങൾ പാലിക്കാതെ നിർമിച്ച കെട്ടിടങ്ങൾ കാരണമാണ്.

ഈ പ്രളയം വഴി കാർഷിക മേഖലയിലുണ്ടായ തകർച്ചകൾ. സംസ്ഥാനത്തെ കർഷകരുടെ ജീവിതത്തിനുമേൽ കരിനിഴൽ വീഴ്ത്തിയ വർഷമാണ് 2018 എന്നു പറയാം. അതിവർഷത്തിന് അകമ്പടിയായെത്തിയ ശക്തമായ കാറ്റും, ഉരുൾപൊട്ടലും, മണ്ണിടിച്ചിലും അനേകം കർഷകരുടെ ജീവനെടുക്കുകയും അവരുടെ ജീവനോപാധികൾ പൂർണമായി ഇല്ലാതാക്കുകയും ഭാവി ജീവിതം ചോദ്യചിഹ്നമാക്കുകയും ചെയ്തു.

വൈദ്യുതമേഖലയിലുണ്ടായ തകർച്ചകൾ പേമാരിയിലും പ്രളയത്തിലും സംസ്ഥാനത്തെ വൈദ്യുതിബന്ധം താറുമാറായി. പ്രളയം മൂലം പമ്പാനദി കരകവിഞ്ഞ് ഒഴുകിയതിനാൽ ശബരിമല തീർത്ഥാടനം പൂർണമായും നിർത്തിവച്ചു. ലോകത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള മുഴുവൻ മലയാളികളുടെയും പിന്തുണയോടുകൂടി പുതുകേരളം പണിതുയർത്തുകയാണ്.


# പുതുകേരളം

സ്നേഹ സന്തോഷ് , 8 ബി

എൻെറ കേരളം വളരെ മനോഹരമാണ്.ആ പ്രകൃതിയെ മനുഷ്യർ ഇഞ്ചിഞ്ചായികൊന്നുകൊണ്ടിരിക്കുകയാണ്.എൻെറ മനസ്സിൽ ഒരു പ്രകൃതി സങ്കല്പമുണ്ട്. എന്തെന്നാൽ ,അങ്ങകലെ ഉയരത്തിൽ നിരവധി മാമലകൾ,എവിടെ നോക്കിയാലും എങ്ങോട്ടു തിരിഞ്ഞാലും മനോഹരമായ പൂക്കളോടു കൂടിയ മരങ്ങൾ.പ്രകൃതിയെ നമ്മൾ മനുഷ്യർ പച്ചയിൽ കുളിപ്പിക്കണം.ഒരു തൈ മുറിക്കുമ്പോൾ രണ്ടു തൈകൾ തിരിച്ച് നടണം.ശുദ്ധജലമൊഴുകുന്ന അരുവികൾ,പൊന്നണിഞ്ഞ വയലുകൾ എല്ലാം കൊണ്ടും മനോഹരമാകണം. നമ്മുടെ പുഴകൾ ഒരിക്കലും കരയരുത്. അതായത് ഒരിക്കലും മലിനപ്പെടുത്തരുത്.

പ്രളയ സമയത്ത് എല്ലാവരും ഒററക്കെട്ടായി കൈകോർത്തു.പ്രളയശേഷം വീണ്ടും വഴക്കായി. ഇത് നമ്മെ നാശത്തിലേക്ക് നയിക്കും. ഇനിയൊരു ദുരന്തം വരാതിരിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

*വര: ജയന്ത്.എ,10 സി*



# പ്രളയം

സാന്ദ്ര.ടി, 8.സി

2018 ആഗസ്റ്റ് മാസം എന്നു കേൾക്കുമ്പോൾ ഇന്നും ഓരോ മലയാളിയും സ്തബ്ധരാകും , കാരണം കേരളത്തെ നടുക്കിയ പ്രളയദുരന്തം സംഭവിച്ചത് അന്നാണ്. കേരളത്തെയാകെ കാർന്നു തിന്ന പ്രളയത്തിന്റെ ബാക്കിപത്രങ്ങൾ ഇന്നും നമുക്ക് ഒരോ കോണിലും കാണാൻ സാധിക്കും സുനാമി ദുരന്തത്തിന് ശേഷം കേരളം നേരിട്ട മറ്റൊരു കനത്ത ദുരന്തമായിരുന്നു ഈ മഹാപ്രളയം.


ദിവസങ്ങളോളം തീരാത്ത മഴ കാരണം ഇടുക്കി, മുല്ലപ്പെരിയാർ , ചെറുതോണി തുടങ്ങി മുഖ്യ ഡാമുകളിലും സംഭരണശേഷിയിലധികം വെള്ളം തുറന്നുവിടേണ്ട അവസ്ഥ വരികയും ചെയ്തു. തന്മൂലം വെള്ളപ്പൊക്കത്തിന്റെ തീവ്രത കൂടി. അതുമൂലം ആയിരക്കണക്കിന് ആളുകളുടെ വീടുകളിൽ വെള്ളം കയറുകയും റോഡ്, പാലം, വൈദ്യുതി, ടെലഫോൺ എന്നിവ താറുമാറാവുകയും ചെയ്തു. ഈ പ്രളയം കോടികളുടെ നഷ്ടമാണ് കേരളത്തിന് ഉണ്ടാക്കിയത്. അനേകം ജീവനുകളും ഈ പ്രളയത്തിൽ പൊലിഞ്ഞുപോയി.

ഈ പ്രളയത്തിൽ അകപ്പെട്ടുപോയവരെ രക്ഷപ്പെടുത്താൻ സന്നദ്ധ സംഘടനാ പ്രവർത്തകരും, മൽസ്യത്തൊഴിലാളികളും , പട്ടാളക്കാർ , പോലീസുകാർ , ഫയർഫോഴ്സുകാർ തുടങ്ങിയവരും രംഗത്തിറങ്ങി. ഇതിൽ മൽസ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനം പ്രശംസനീയമാണ് . കേരളത്തിന്റെ സ്വന്തം രക്ഷാസൈനികരായിട്ടാണ് മൽസ്യത്തൊഴിലാളികളെ കേരളാമുഖ്യമന്ത്രി വിശേഷിപ്പിച്ചത്.

കേരളത്തെ നടുക്കിയ ഈ മഹാപ്രളയെ നമുക്ക് നൽകുന്ന സന്ദേശമെന്തെന്നാൽ പ്രകൃതിയെ ചൂഷണം ചെയ്യാതിരിക്കുക. ഓരോ തവണയും പ്രകൃതിയെ ചൂഷണം ചെയ്യുമ്പോൾ അതുമൂലം നമുക്കുണ്ടാകുന്ന നാശനഷ്ടങ്ങളെക്കുറിച്ച് ഈ പ്രളയം മനസ്സിലാക്കിത്തരുന്നു. ഇനി ഒരു പ്രളയദുരന്തം സംഭവിക്കാതിരിക്കാൻ പ്രകൃതിയോട് ഇണങ്ങി ജീവിക്കുക.

ഈ പ്രളയദുരന്തത്തിൽ നിന്ന് കേരളം കരകയറണമെങ്കിൽ കോടികണക്കിന് രൂപ ആവശ്യമാണ്. അതിനായി നാമോരോരുത്തരും ജാതി മത കക്ഷി രാഷ്ട്രീയഭേദമന്യേ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇതിലൂടെ ഒരു നവകേരളം കെട്ടിപ്പടുക്കാൻ നമ്മെക്കൊണ്ടാകുമെന്ന വിശ്വാസം നമുക്കോരോരുത്തർക്കുമുണ്ട്. അതിനായി നാം ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. കേരളത്തിന്റെ അതിജീവനത്തിനായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

ചിത്രം : മാളവിക,10 സി



# സ്നേഹം

നയന രാജേഷ്, 8. ബി

ശങ്കരൻ കുട്ടി ധൃതിയിൽ പശുക്കളെ തൊഴുത്തിൽ കെട്ടി. അയാൾ ഏകനായിരുന്നു. കൂട്ടിന് മിണ്ടാപ്രാണികൾ മാത്രം. മഴയുടെ രൗദ്രത്തിൽ അയാൾ ഭയപ്പെട്ടു. ഇടിഞ്ഞുവീഴാറായ പശുതൊഴുത്തോർത്ത് ഉറക്കം വന്നില്ല.

അയാൾ വീണ്ടും എണീറ്റ് പുറത്തിറങ്ങി. പശുക്കളെ വീടിന്റെ ചായ്പിൽ കൊണ്ടുകെട്ടി. കിടാവ് അയാളുടെ പാദങ്ങൾ സ്നേഹത്തോടെ നക്കി. അയാൾ അതിനെ തലോടികൊണ്ട് ഉള്ളിലേക്ക് കയറി.

അർദ്ധരാത്രിയിൽ വലിയൊരു ശബ്ദം കേട്ട് ഞെട്ടിയുണർന്നു. ചായ്പിൽ നിന്നും അലമുറയിട്ട് പശുക്കൾ കരയുകയും ചെയ്യുന്നു. ഓടിച്ചെന്ന് നോക്കുമ്പോഴേക്കും ദൂരെ മണ്ണിടിയുന്നു. വെള്ളമാണെങ്കിൽ അരയോളമെത്തി. " ന്റെ ചുഴലി ഭഗവതിയേ.... " അത്രമാത്രം പറഞ്ഞുകൊണ്ട് അയാൾ പശുക്കളേയും അഴിച്ച് ,കിടാവിനേം തോളിലേറ്റി വെള്ളത്തിലൂടെ നടക്കാൻ തുടങ്ങി. വീട് മിക്കതും വെള്ളത്തിൽ മുങ്ങാറായി. ധൃതിയിൽ നടക്കാൻ ശ്രമിച്ചു എന്നാൽ വെള്ളത്തിലൂടെയുള്ള നടത്തം പ്രയാസകരമായിരുന്നു. കുറച്ചു മണിക്കൂറുകൾ കഴിഞ്ഞാണ് അയാൾ സുഹൃത്തായ ഗോവിന്ദൻ നായരുടെ വീട്ടിലെത്തിയത്. അപ്പോഴേക്കും വെള്ളം നെഞ്ച് വരെയെത്തിയിരുന്നു. പശുക്കളും ഏറെ പണിപ്പെട്ടു

ഗോവിന്ദൻ നായരും ഒരു ക്ഷീരകർഷകനായിരുന്നു. അവരെല്ലാം പശുക്കളേയും കൊണ്ട് ടെറസ്സിനു മുകളിൽ കയറി നില്ക്കുന്നു. ഗോവിന്ദൻ നായർ ശങ്കരൻ കുട്ടിയെ കൈകൊട്ടി വിളിച്ചു. പശുക്കളെ ടെറസ്സിനു മുകളിലേക്ക് കയറ്റാൻ സഹായിച്ചു. കുറച്ചു സമയം പിന്നിട്ടു, ദൂരെ വലിയൊരു ബോട്ട് ആ വീടിനെ ലക്ഷ്യമാക്കി വരികയാണ്. ഇടക്കിടെ അതിൽ നിന്നും പ്രകാശവും കാണാം ഉടനെ അത് അവരുടെ വീടിനു മുന്നിൽ എത്തുകയും കന്നുകാലികളെ അതിൽ കയറ്റി മറ്റൊരു ബോട്ടിനെ വിവരമറിയിക്കുകയും ചെയ്തു. ആ ബോട്ട് അവിടെ നിന്നും പോയ ഉടനെ മറ്റൊന്ന് വന്നു. അതിൽ ശങ്കരൻ കുട്ടിയേയും മറ്റും കയറ്റി,അവരെ അഭയാർത്ഥി ക്യാമ്പിൽ എത്തിച്ചു. അവിടെ തങ്ങളെ കാണാതെ പശുക്കൾ അലമുറയിടുന്നുണ്ടായിരുന്നു. ശങ്കരൻകുട്ടിയും ഗോവിന്ദൻനായരും പശുക്കളെ തലോടികൊണ്ട് നിന്നു. അങ്ങനെ നീണ്ട ഒന്നരമാസം , ആയിരത്തിൽ പരം ജനങ്ങൾ, പ്രളയം കഴിഞ്ഞ് തിരിച്ചെത്തുമ്പോഴേക്കും ശങ്കരൻകുട്ടിയുടെ വീട്ടും തൊഴുത്തും അപ്രത്യക്ഷമായിരുന്നു. സർക്കാർ ഭവനനിർമാണത്തിന് ഏർപ്പാടാക്കി. വീട് ആകുന്നതു വരെ അയാളുടെ സുഹൃത്തിന്റെ വീട്ടിൽ കഴിഞ്ഞു.

**ഒടുവിൽ ശങ്കരൻകുട്ടിക്ക് വീടായി, അയാൾ അങ്ങോട്ട് മാറി.**

**അടുത്ത പുലരി വളരെ ആഹ്ളാദപൂരിതമായിരുന്നു. അയാളുടെ പശുക്കളിൽ ഒരുവളായ കറുമ്പി കാളയ്ക്കുവേണ്ടി കരയുന്നു. പുതിയ ജന്മം നാമ്പിടുന്ന ആ വേളയിൽ പുതിയ കിടാവിനെ സ്വീകരിക്കാൻ ശങ്കരൻ കുട്ടി തയ്യാറായി ഇരുന്നു. ജാതി മത വർഗ വിവേചനത്തിന്റെ നിഴലിച്ചയില്ലാത്ത തന്നേയും തന്റെ ജീവനായ പശുക്കളെയും രക്ഷിച്ചതിൽ അയാൾ നന്ദി പറഞ്ഞു.**

# പ്രളയാനന്തര കേരളം

ഗോപിക. പി. വി, 8. ബി

2018 ലെ നാം നേരിട്ട ഏറ്റവും വലിയ വിപത്താണ് പ്രളയം .ഈ നൂറ്റാണ്ടിൽ കേരളം കണ്ട ഏറ്റവും വലിയ പ്രകൃതിക്ഷോഭത്തിൽ നിന്നും നമ്മൾ കേരളത്തെ കരകയറ്റണം. കൂട്ടായ പ്രവർത്തനങ്ങൾക്കൊപ്പം വിവിധയിടങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന സഹായങ്ങളും കൂടിയാകുമ്പോൾ നമുക്കീ ദുരന്തത്തെ വളരെ വേഗം മറികടക്കാനാകും. ഈ ദുരന്തത്തിന്റെ ആഴവും വ്യാപ്തിയും സമാനതകളില്ലാത്തതാണെന്ന് പറയേണ്ടതില്ലല്ലോ. പ്രാഥമിക വിലയിരുത്തൽ പ്രകാരം 20,000 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കപ്പെടുന്നു. അതിന് പുറമെ കണക്കാക്കാൻ ആകാത്ത വിധം സാമൂഹികപ്രത്യാഘാതങ്ങളും ഉണ്ടായിട്ടുണ്ട്. നമ്മുടെ കൊച്ചു കേരളം നിരവധി തവണ ലോകത്തിന് മാതൃകയായിട്ടുണ്ട്. ഈ ദുരന്തമുഖത്തും നാം നമ്മുടെ നിശ്ചയദാർഢ്യം പ്രകടമാക്കി പുതിയൊരു മാതൃക സൃഷ്ടിക്കുകയാണ്. എങ്കിലും ദുരിതബാധിതരുടെ പുനരധിവാസവും ദുരന്തമേഖലയുടെ പുനർനിർമാണവും ഒരു ബൃഹത് ദൗത്യമായി തുടരുന്നു. നമ്മുടെ അകമഴിഞ്ഞ പിന്തുണയും സഹകരണവും ഉണ്ടെങ്കിൽ മാത്രമേ നമുക്ക് കേരളത്തെ വീണ്ടെടുക്കാനാവൂ. ദൈവത്തിന്റെ സ്വന്തം നാടാണ് കേരളം . കേരളത്തെ പുനഃസൃഷ്ടിക്കാനായി കേരളമെങ്ങും ഉള്ള ജനങ്ങൾ ജാതി മത വിവേചനമില്ലാതെ പൊരുതി കേരളത്തെ പഴയസ്ഥിതിയിലേക്കു തന്നെ എത്തിക്കാം.

കേരളം മരണത്തെ മുന്നിൽ കാണുകയായിരുന്നു. മലവെള്ളപ്പാച്ചിലിൽ നിസ്സഹായരുടെ നിലവിളി കേൾക്കേണ്ടിവരുമെന്നും വിചാരിച്ചു. ആശങ്കയുടേയും അനിശ്ചിതത്വത്തിന്റേയും മുൾമുനയിൽ നിന്ന് മലയാളിയുടെ ഐക്യവും അതിജീവനത്വരയും അത്ഭുതം സൃഷ്ടിച്ച അനുഭവം. രക്ഷാപ്രവർത്തനവും ദുരിതാശ്വാസപ്രവർത്തനവും ഏകോപിപ്പിച്ച് ആത്മവിശ്വാസത്തിന്റെ താങ്ങും അതിജീവനത്തിന്റെ ഊർജവും പകർന്നു നല്കി ദുരിതകയത്തിൽ നിന്നും നമ്മെ രക്ഷിച്ച മുഖ്യമന്ത്രി, കേരളത്തിന്റെ കപ്പിത്താൻ പിണറായി വിജയൻ സംസാരിക്കുന്നു. തുടരെ തുടരെ മൂന്ന് യുദ്ധങ്ങൾ, ഓഖി,നിപാ, പ്രളയം എന്നീ മൂന്ന് ദുരന്തത്തെ അക്ഷോഭ്യരായി നേരിട്ടവരാണ് നമ്മൾ. പഴയകേരളമല്ല പുതിയൊരു കേരളമാണ് നമ്മുടെ ലക്ഷ്യം.

അപ്രതീക്ഷിതമായിട്ടായിരുന്നു ആ ദുരന്തം എത്തിയത് . നിരവധി ജനങ്ങൾ

മരിക്കാൻ ഇടയായി,അനേകം പേർക്ക് പരിക്കുപറ്റി,ധാരാളം പേർക്ക് പുസ്തകങ്ങളും ,വസ്തുങ്ങളും രേഖകളും നഷ്ടപ്പെട്ടു. സർവ്വവും നഷ്ടപ്പെട്ടു വിതുമ്പുന്ന കുഞ്ഞുങ്ങളുടെ മുഖങ്ങൾ മനസ്സിൽ നിന്നും മായുന്നേയില്ല.
കേരളം 1924 ൽ ഒരു മഹാപ്രളയത്തിൽ പെട്ടതാണ്. ഇന്നത്തേക്കാൾ കൂടുതൽ നാശനഷ്ടവും ജീവഹാനിയും അന്നുണ്ടായി.പ്രളയം പ്രകൃതിയുടെ ഒരു പ്രതിഭാസമാണ് . അത്തരം ദുരന്തങ്ങൾ ഇനിയും ഉണ്ടായേക്കാം. ദുരന്തത്തെ സമചിത്തതയോടെ നേരിടാനും അതിജീവിക്കാനുമുള്ള ധീരതയും വൈദഗ്ധ്യവും നാം ആർജിക്കുയാണ് വേണ്ടത്.

ഒരുമയോടെ നിന്നാൽ നമുക്ക് ഏതു ദുരന്തത്തേയും അതിജീവിക്കാനാവുമെന്ന പാഠം നാം പഠിച്ചു. എല്ലാവരുടേയും നന്മക്കായി പ്രാർഥിക്കുക ,പ്രയത്നിക്കുക.

# ഒരു അർധരാത്രി

സ്നേഹ.എം [10-B]

ഒരു അർധരാത്രിതൻ
കൂരിരുട്ടിൽ ഡാമുകളിലൂടിതാ
ഒലിച്ചിറങ്ങുകയായ് വെള്ളം
അയ്യോ....ഭയമിതാ മനുഷ്യനിൽ
കേരളം വെള്ളത്താൽ മുങ്ങുന്നു
ഇതുവരെ കാണാത്ത
ദുരിതമായ് നമ്മളിൽ
മരണത്തിൻ തീ ആളിക്കത്തുന്നു !

പാവപ്പെട്ടവനെന്നറിയില്ല
പണക്കാരനെന്നറിയില്ല
എല്ലാവരും ഒത്തുകൂടുന്നവസരം
ഒരു പാത്രത്തിൽ തന്നെ
അന്നം കഴിക്കുന്നവസരം
കാൺകേ ദൈവത്തിൻ മനസ്സിൽ
സന്തോഷമധുരം നിറയുകയായ് !

ജാതി മതഭേദമന്യേ
ജനങ്ങളിൽ കൂട്ടായ സ്നേഹപ്രഭാവം
കേരളത്തിനവസ്ഥ കാൺകെ
തുള്ളികൾ കണ്ണിലൂടപ്പോൾ
ഒലിച്ചുപോയ് വെള്ളത്തിൽ
മുങ്ങി അനേകം ജീവനുകൾ
ശാശ്വതോലകങ്ങൾ തേടി യാത്രയായ് !

ചിത്രം : ശിവാനി.പി.കെ ,8 .എ



## ലിറ്റിൽ കൈറ്റ്സ്...പ്രവർത്തനങ്ങളിലൂടെ...












**ചിത്രം: പൃഥ്വിരാജ്  എ ,10 ബി**



ചിത്രം : സുശാന്ത് ഇ,10 സി




**ചിത്രം: യതുൽരാജ് , 10 ബി**



ചിത്രം: അഭിനവ്.എം.കെ,8 എ




ചിത്രം : വിഷ്ണുദേവ്.എ.കെ, 8 എ



ചിത്രം : നന്ദന.പി.കെ, 8 എ



ചിത്രം : സ്വാതി സുമൻ. എൻ.വി, 8 എ




Little KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ
വിവിധ പരിശീലനങ്ങൾ
വിദഗ്ധരുടെ ക്ലാസുകൾ
ഇൻഡസ്ട്രിയൽ വിസിറ്റുകൾ
ക്യാമ്പുകൾ
അനിമേഷൻ
പ്രോഗ്രാമിങ്
മൊബൈൽ ആപ്പ് നിർമ്മാണം
ഗ്രാഫിക് ഡിസൈനിങ്
മലയാളം കമ്പ്യൂട്ടിങ്
ഹാർഡ്‌വെയർ
ഇലക്ട്രോണിക്സ്
റോബോട്ടിക്സ്
സൈബർ സുരക്ഷ
വെബ് ടി.വി
മികവു പുലർത്തുന്നവർക്ക് എ, ബി, സി ഗ്രേഡുകൾ